വിധി മലയാളികളുടെ രക്ഷക്ക് എത്തിയോ?

വി. രാജഗോപാൽ

ഭോപ്പാൽ: ഭോപ്പാലിലെ വിഷവായു ദുരന്തത്തിൽ വിധി മലയാളികളെ വെറുതെ വിട്ടുകയായിരുന്നോ? അങ്ങിനെ വേണം കരുതാൻ. കാററിൻെറ ഗതി അല്പം കൂടി തെന്നി മാറിയിരുന്നെങ്കിൽ ഒൻപതു് ലക്ഷത്തോളം ഉള്ള ഭോപ്പാൽ ജനസംഖ്യയിൽ പത്തിലൊന്നെങ്കിലും വരുന്ന മലയാളികളിൽ നല്ലൊരു വിഭാഗത്തിനു് എന്തു് സംഭവിക്കമായിരുന്നു എന്നു് ആലോചിക്കുവാൻ പോലും കഴിയില്ല.

വിരലിലെണ്ണാവുന്ന മലയാളികൾക്കു് ജീവഹാനി പററിയിട്ടുണ്ടു്. നന്നെ ചെറിയ ശതമാനത്തിനു് വിഷവായു ഏൽക്കുകയും ചെയ്തിട്ടുണ്ടു്. പക്ഷെ, പ്രകൃതി മൊത്തത്തിൽ മലയാളികളെ രക്ഷപ്പെടുത്തുകയാണുണ്ടായതു്. 'പ്രകൃതിയുടെ അനുഗ്രഹം കൊണ്ടു് മാത്രമാണു് മലയാളികൾ ഇങ്ങിനെ രക്ഷപ്പെട്ടതു്'—ഇവിടത്തെ യൂണൈററഡ് മലയാളി അസോസിയേഷൻെറ തുഷ്ട്രർക്കാരനായ പ്രസിഡണ്ടു് കെ. എൽ. വർഗീസ് 'മാതൃഭൂമി'യോടു് പറഞ്ഞു. മലയാളികൾക്കു തീരെ ഇല്ലെന്നു് പറയാവുന്ന പ്രദേശങ്ങളിൽ ആണു് പ്രധാനമായും വിഷവായു മനുഷ്യജീവൻ കൊയ്യെടുത്തതു്.—യൂനിയൻ കാർബൈഡ് ഫാക്ടറിയുടെ അടുത്തുള്ള ചേരികളിൽ താമസിക്കുന്ന പാവപ്പെട്ടവരാണു അധികവും മരണപ്പെട്ടതു്. മലയാളികളുള്ള ചില പ്രദേശങ്ങളിൽ വിഷവായു വന്നപ്പോഴുകട്ടെ ഭാഗ്യം കൊണ്ടു് മിക്കവർക്കും കാററിൻെറ ഗതിക്കെതിരായി ഏറെ ദൂരം ഓടി രക്ഷപ്പെടാനും കഴിഞ്ഞു. വിഷവായുവേററു് ബോധം നഷ്ടപ്പെട്ട മലയാളികളാകട്ടെ ഭൂരിഭാഗവും തക്കസമയത്തു് ചികിത്സ കിട്ടി രക്ഷപ്പെട്ടു. വിഷവായുവേററു് കണ്ണു് രോഗികളായവരും കേരളീയർക്കിടയിൽ നന്നെ കുറവാണു്. ഉദാഹരണത്തിനു് ബെൽ പ്രദേശം തന്നെയെടുക്കുക. ഹബീബ് ഗഞ്ചിലും പിപ്ലാനിയിലും ബേർക്കഡയിലും ശക്തിനഗറിലും ഗോവിന്ദപുരയിലും സോണഗിരിയിലുമായി 10000 മലയാളികൾ ബങ്ങളുള്ളതിൽ ഗോവിന്ദപുരയിൽ മാത്രമാണു് നേരിയതോതിലെങ്കിലും വിഷവായുവിൻെറ ആക്രമണമുണ്ടായതു്. 2000 മലയാളി കുടുംബങ്ങളുള്ള ടി.ടി. നഗർ നു മാർക്കററ് പ്രദേശങ്ങളിലെപ്പോലെ ഗോവിന്ദപുരക്കാർക്കും കാററിൻെറ ഗതിക്കെതിരെ ഓടി രക്ഷപ്പെടാൻ കഴിഞ്ഞു. 5000 ത്തോളം മലയാളികളുള്ള സുഭാഷ്നഗറിലും വിഷവായു കാര്യമായി മലയാളികളെ ബാധിച്ചുവെന്നു് പറയാനാവില്ല. ആയിരത്തോളം മലയാളികളുള്ള ഹമീദിയ പ്രദേശത്തു് ജീവഹാനി നേരിട്ടില്ലെങ്കിലും. കുറച്ചേർക്കെങ്കിലും കണ്ണിന്നസുഖം നേരിട്ടിട്ടുണ്ടു്. പട്ടാളക്കാരുംപ്പെടെ 5000 മലയാളി കുടുംബങ്ങളുള്ള ഏയർ പോർട്ടു് പ്രദേശമായ ബരഗഡിലോ ഉയർന്ന നിൽക്കുന്ന അറോറ കോളനിയിലോ വിഷവായു ഒട്ടും ബാധിച്ചില്ല. ബരഗഡിൽ വിഷവായുവിന്നെതിരെ ശക്തമായിരുന്നു കാററിൻെറ ഗതി.

കുഞ്ഞുമോൻ അവരുടെ ദുഃഖം

കുഞ്ഞുമോൻ വ്യാഴാഴ്ച ചേട്ടൻ റോയിയേയും വെള്ളിയാഴ്ച അപ്പച്ചനേയും യാത്രയാക്കിയതു് മരണത്തെ സ്വയം വരിക്കാനായിരുന്നോ? വിഷവായു ദുരന്തത്തിൽ മരണപ്പെട്ട ഈ പത്തൊൻപതുകാരൻ മലയാളികളുടെ മുഴുവൻ ദുഃഖമായി മാറിക്കഴിഞ്ഞു.

ജയപ്രകാശ് ആസ്പത്രിയിലെ തിങ്ങി നിറഞ്ഞ വാർഡുകളിലൊന്നിൽ കുഞ്ഞുമോനോടൊപ്പം ഒരേ കിടക്കയിൽ കിടന്ന ടയർ വ്യവസായിയായ വർക്കലക്കാരൻ സത്യന്നു് കഴിഞ്ഞ അഞ്ചെട്ടു് മാസമായി റബ്ബർ വ്യവസായവുമായി ബന്ധപ്പെട്ട തൻെറ വീട്ടിലെ വാടക മുറിയിൽ താമസിച്ചുവന്ന ഈ ചെറുപ്പക്കാരൻ മരിച്ചുപോയെന്നു് പറയുമ്പോൾ വിശ്വസിക്കാനാവുന്നില്ല. രണ്ടു ദിവസമായി സത്യൻ ഏതാണ്ടു് അബോധാവസ്ഥയിലായിരുന്നു

യൂനിയൻ കാർബൈഡ് ഫാക്ടറിക്കരികെബരസിയറോഡിൽ തൻെറ ടയർ കടയോടുബന്ധിച്ചാണു് സത്യൻെറ താമസം. കൃഷ്ണാ ടാക്കീസ്സിന്നടുത്തും സത്യന്നു് ടയർ കടയുണ്ടു്.

വ്യാഴാഴ്ച ചേട്ടൻ റോയിയെ ബിസിനസ് ട്രിപ്പിനു് റായ്പൂരിലേക്കു യാത്രയാക്കിയ കുഞ്ഞുമോൻ വെള്ളിയാഴ്ച അപ്പനെ കൈ ജോർജ്ജിനെ കേരളത്തിലേക്കും കെ.കെ. 'എക്സ്പ്രസ്സിൽ കയറി വിട്ടതായിരുന്നു. തിങ്കളാഴ്ചപുലർച്ചെ വിഷവായുആഞ്ഞടിച്ചപ്പോൾ ഭാര്യയേയും മക്കളേയും അയച്ചശേഷം താനാണു് കുഞ്ഞുമോനെ കൊണ്ടുവന്നതെന്നു സത്യൻ പറഞ്ഞു. ജയപ്രകാശ് ആസ്പത്രിയിൽ ഒരേ കട്ടിലിൽ ഒന്നിച്ചു കിടന്നിരുന്നതു് സത്യന്നു് ഓർമ്മയുണ്ടു്.

ഒരു മലയാളി കുടുംബം മുഴുവൻ ആസ്പത്രിയിൽ

ഭോപ്പാൽ: ചെറുകിട ടയർ വ്യവസായിയായ വർക്കലക്കാരൻ ബി. സത്യൻെറ കുടുംബം മുഴുവനും വിഷവായുവേററു് ജയപ്രകാശ് ആസ്പത്രിയിൽ കഴിയുന്നു.

സ്റ്റേററ് ഇൻഡസ്ട്രീസ് വകുപ്പിൽ ഉദ്യോഗസ്ഥയായ ഭാര്യ ലളിത ടയർ കടയിൽ അച്ഛനെ സഹായിക്കുന്ന മകൻ യോഗാനന്ദ് ഒന്നാം വർഷ നിയമ വിദ്യാർത്ഥിനിയായ മകൾ രേഖാനന്ദ് നഴ്സറി സ്കൂൾ വിദ്യാർത്ഥിനിയായ ഇളയമകൾ ദിവ്യാനന്ദ് എന്നിവരാണു് ആസ്പത്രിയിൽ. സത്യനോടൊപ്പം താമസിക്കുന്ന ചിറയിൻകീഴ് സ്വദേശികളായ ശശി, ഷാജി, ശശിധരൻ എന്നീ മൂന്നു തൊഴിലാളികളും ആസ്പത്രിയിൽ തുന്നെയാണു്.

സത്യൻെറ വിവാഹിതയായ മകൾ സുജാനന്ദ് കേരളത്തിലും, എഞ്ചിനീയറിങ്ങിനു് പഠിക്കുന്ന മകൻ മഹാനന്ദ് ബാംഗളൂരിലുമാണുള്ളതു്.

ഗവർമ്മെണ്ടു് ഉദ്യോഗസ്ഥയെന്ന നിലയിൽ ഭാര്യക്കു് ക്വാർട്ടേഴ്സ് കിട്ടിയിരുന്നുവെങ്കിലും ബിസിനസ്സിനോടുബന്ധിച്ചാണു് 2 കൊല്ലം മുമ്പു് ബേരസിയ റോഡിലേക്കു് താമസം മാററിയതെന്നു് സത്യൻ പറഞ്ഞു. സത്യനും കുടുംബവും സുഖം പ്രാപിച്ചുവരികയാണു്. ദിവ്യയൊഴികെ മറെറല്ലാവർക്കും കണ്ണിനാണു് തകരാറു്. ദിവ്യക്കു് നേരിയ ശ്വാസം മുട്ടലുണ്ടു്.

അനാസ്ഥയാണു് കാരണമെന്നു്

മോസ്കോ: ഭോപ്പാൽ ദുരന്തത്തിനു് ഉത്തരവാദികൾ അമേരിക്കൻ ബഹുരാഷ്ട്ര കുത്തകകളാണെന്നു് റഷ്യൻ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളായ പ്രാവ്ദയും ഇസ്വെസ്റിയയും കുററപ്പെടുത്തി. ഫാക്ടറി അധികാരികളുടെ കുററകരമായ അനാസ്ഥയാണു് അപകടത്തിനു കാരണമെന്നു പ്രാവ്ദയുടെ പ്രത്യേക ലേഖകൻ എഴുതുന്നു. ശരിയായ രക്ഷാ ഏർപ്പാടുകൾ ഏർപ്പെടുത്തിയിരുന്നില്ലെന്നും പത്രം കുററപ്പെടുത്തിയിട്ടുണ്ടു്.

'ഈ അപകടം അമേരിക്കയിലാണു് സംഭവിച്ചിരുന്നതെങ്കിലോ?' ലണ്ടനിൽ നിന്നു് പ്രസിദ്ധീകരിക്കുന്ന ഗാർഡിയൻ പത്രം മുഖപ്രസംഗത്തിൽ ചോദിച്ചു. ദരിദ്ര രാഷ്ട്രങ്ങളിൽ ഇത്തരം ഫാക്ടറികൾ സ്ഥാപിക്കുമ്പോൾ രക്ഷാ ഏർപ്പാടുകൾ നടപ്പിലാക്കുന്നതിൽ ഒട്ടും ശ്രദ്ധ കാണിക്കുന്നില്ലെന്നു് പത്രം കുററപ്പെടുത്തി.

സംഘട്ടനത്തിൽ 5 പേർ മരിച്ചു

ബംഗളൂർ: ഭൂമിയെ ചൊല്ലി ബീജാപ്പൂർ ജില്ലയിലെ ബദാമിയിൽ ബുധനാഴ്ച ഉണ്ടായ സംഘട്ടനത്തിൽ രണ്ടു സ്ത്രീകളടക്കം 5 പേർ മരിച്ചു.

കൂടുതൽ പ്രത്യേക

മകരിരാശി: ശബരിമല തീർത്ഥാടകരുടെ [illegible] ക്രിസ്മസ് അവധിക്കു [illegible] വൈകിട്ട് 8.35ന തിരിക്കുന്ന വണ്ടി [illegible] ഇന്നു ദിവസം വൈകിട്ട് 4